# അൽമായവേദി ന്യൂസ് ബുള്ളറ്റിൻ

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരണം

Web: www.malankaraorthodoxalmayavedhi.org

2007 മെയ് 1


## വിധി നിർണ്ണയിക്കുന്നത് വടക്കൻ വോട്ടുകൾ

**അൽമായവേദി ന്യൂസ് സർവീസ്**

കോട്ടയം: മെയ് രണ്ടിനു നടക്കുന്ന അസോസിയേഷൻ സെക്രട്ടറി തെരഞ്ഞെടുപ്പിൽ അങ്കമാലി, കണ്ടനാട്, കൊച്ചി, തൃശൂർ ഭദ്രാസനങ്ങളിൽ നിന്നുള്ള പ്രതിനിധികളാവും വിജയിയെ നിർണ്ണയിക്കുക. ഈ പ്രശ്നബാധിത ഭദ്രാസനങ്ങളുടെ വികാരം മനസിലാക്കുകയും അവരോടൊപ്പം നിൽക്കുകയും ചെയ്യുന്നവർക്ക് മാത്രമാണ് തങ്ങളുടെ പിന്തുണയെന്ന് ഈ ഭദ്രാസനങ്ങളിൽ നിന്നുള്ള മാനേജിംഗ് കമ്മറ്റിയംഗങ്ങൾ അസന്നിഗ്ധമായി പ്രഖ്യാപിച്ചു.

വിഭജനവാദികൾക്കെതിരായി വടക്കൻ ഭദ്രാസനങ്ങൾ ഒറ്റക്കെട്ടായി വോട്ടു ചെയ്യുമെന്ന് അൽമായവേദി മുമ്പ് റിപ്പോർട്ടു ചെയ്തിരുന്നു. ഈ യാഥാർത്ഥ്യം തിരിച്ചറിഞ്ഞതോടെ സ്ഥാനാർത്ഥികൾ വടക്കൻ വോട്ടുകൾക്കായി പരക്കം പാച്ചിലാരംഭിച്ചിരിക്കുകയാണ്. നിലവിലുള്ള സ്ഥാനാർത്ഥികളിൽ തിരുവല്ലയിൽ നിന്നുള്ള ഒരാൾ മാത്രമാണ് വടക്കർക്ക് അനുകൂലമായും വിഭജനത്തിനെതിരായും വ്യക്തമായ നയപ്രഖ്യാപനം നടത്തിയിട്ടുള്ളത്. വിവിധ കോക്കസുകളുടെ പിന്തുണയോടെ മത്സരിക്കുന്നവരും കോക്കസുകളുടെ പിന്തുണ പ്രതീക്ഷിക്കുന്നവരും നയം പ്രഖ്യാപിക്കാനാവാതെ കുഴങ്ങുകയാണ്. സ്വീകാര്യവും വിശ്വസനീയവുമായ ഒരു നയപ്രഖ്യാപനം കൂടാതെ പിന്തുണ തേടേണ്ടെന്ന കർശന നയം വടക്കൻ പ്രതിനിധികൾ സ്വീകരിച്ചതോടെ പല സ്ഥാനാർത്ഥികൾക്കും വടക്കൻ ഭദ്രാസനങ്ങളിൽ പ്രചരണം നടത്താനാവാത്ത സ്ഥിതിയാണ്.

## തിരഞ്ഞെടുപ്പ് മെയ് രണ്ടിന്

കോട്ടയം: അടുത്ത അഞ്ചു വർഷത്തേയ്ക്കുള്ള മലങ്കര അസോസിയേഷൻ സെക്രട്ടറിയെ മെയ് രണ്ടിനു തിരഞ്ഞെടുക്കും. പഴയസെമിനാരിയിലെ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ഹാളിലാണ് തിരഞ്ഞെടുപ്പ് നടക്കുക.

പിന്മാറാനുള്ള സമയം അവസാനിച്ചതോടെ അഡ്വ: ബിജു ഉമ്മൻ, ഡോ: ജോർജ്ജ് ജോസഫ്, ഡോ. റ്റി. എ. ജോർജ്, ജേക്കബ് ഡാനിയേൽ, അഡ്വ: ജോസഫ് ജോൺ, എം. എം. സഖറിയ എന്നിവരാണ് സ്ഥാനാർത്ഥിപട്ടികയിലുള്ളത്. ഇവരിൽ ഡോ. റ്റി. എ. ജോർജ് ഒഴികെയുള്ളവർ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാണ്.

ജസ്റ്റീസ് ജോൺ മാത്യുവാണ് രഹസ്യബാലറ്റിലൂടെ നടത്തുന്ന തിരഞ്ഞെടുപ്പിലെ വരണാധികാരി. മാനേജിംഗ് കമ്മറ്റിയംഗങ്ങളെ കൂടാതെ വർക്കിംഗ് കമ്മറ്റി, സുന്നഹദോസ് അംഗങ്ങൾക്കും വോട്ടവകാശമുണ്ട്.

## മുൻ സെക്രട്ടറിയുടെ പിന്തുണ അഡ്വ. ജോസഫ് ജോണിന്

മാവേലിക്കര: മുൻ അസോസിയേഷൻ സെക്രട്ടറി ഡോ. അലക്സാണ്ടർ കാരയ്ക്കലിന്റെ പിന്തുണ അഡ്വ. ജോസഫ് ജോണി (കായംകുളം) നാണെന്ന് അറിയുന്നു.

## ആരെയും സ്ഥാനാർത്ഥിയാക്കിയിട്ടില്ല: വൈദികട്രസ്റ്റി

പാമ്പാക്കുട: അസോസിയേഷൻ സെക്രട്ടറിയായി താൻ ആരെയും മൽസരരംഗത്തിറക്കിയിട്ടില്ലെന്നും മറിച്ചുള്ള പ്രചരണം തെറ്റാണെന്നും വൈദികട്രസ്റ്റി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് വ്യക്തമാക്കി. ഡോ. റ്റി. എ. ജോർജിനെ സ്ഥാനാർത്ഥിയാക്കിയതിൽ പങ്കുണ്ടെന്നുള്ള പ്രചാരണത്തോടു പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

## സെക്രട്ടറി തെരഞ്ഞെടുപ്പ്: കടുത്ത മത്സരം ഉറപ്പായി

കോട്ടയം: സഭാ സെക്രട്ടറി തെരഞ്ഞെടുപ്പിന് ഏതാനും ദിവസങ്ങൾ മാത്രം ശേഷിക്കെ തെരഞ്ഞെടുപ്പു രംഗം സജീവമായി. അഡ്വ. ബിജു ഉമ്മൻ, എം. എം. സഖറിയാ, റ്റി. എ. ജോർജ് എന്നിവരാണ് പ്രമുഖ മത്സരാർത്ഥികൾ. *ഉചാമറ* ഡോ. റ്റി. എ. ജോർജിനെ പിന്തുണയ്ക്കുന്നു. എം. എം. സഖറിയാ താൻ ഒരു പ്രമുഖ കോൺഗ്രസ് നേതാവ് പറഞ്ഞിട്ടാണ് മത്സരിക്കുന്നതെന്നാണ് പ്രചരിപ്പിക്കുന്നത്. സഭാനേതൃത്വത്തിൽ അവിഹിത സ്വാധീനം ചെലുത്തുന്ന, വളഞ്ഞ വഴിയിലൂടെ ക്യാനഡാ ഭദ്രാസനത്തിൽനിന്ന് മാനേജിംഗ് കമ്മറ്റിയിലെത്തിയ ഫാ. എം. ഒ. ജോണാണായിരുന്നു ഇദ്ദേഹത്തിന്റെ പ്രമുഖ പ്രചാരകൻ.

ഇവരെക്കൂടാതെ മത്സരിക്കുന്ന ഒരു 'യുവതുർക്കി' അൽമായട്രസ്റ്റി സ്ഥാനത്തേക്ക് നോമിനേഷൻ കൊടുത്തിട്ട് ഒരു പ്രമുഖ സ്ഥാനാർത്ഥിയിൽനിന്നും പണം വാങ്ങി പിന്മാറിയ വ്യക്തിയാണ്. റ്റി. എ. ജോർജിനു വേണ്ടി അവസാന നിമിഷം ഇദ്ദേഹം പിന്മാറുമെന്നാണ് ഇപ്പോൾ കേൾക്കുന്നത്. കഴിഞ്ഞ മാനേജിംഗ് കമ്മറ്റിയംഗമായിരുന്ന മറ്റൊരു സ്ഥാനാർത്ഥി ആ കാലഘട്ടത്തിൽ കേരളത്തിൽ വന്ന പാത്രിയർക്കീസിനെ സഭയുടെ വിലക്ക് ലംഘിച്ച് മാല ഇട്ടു സ്വീകരിച്ച വ്യക്തിയും, കഴിഞ്ഞ നിയുക്തബാവാ തെരഞ്ഞെടുപ്പിൽ മാർ മക്കാറിയോസിനു വേണ്ടി നിലകൊണ്ടയാളുമാണ്. വിഘടിതവിഭാഗത്തിന്റെ മുഖപത്രമായ *വിശ്വാസസംരക്ഷകന്റെ* പ്രവർത്തകർ തങ്ങളുടെ ആളാണിദ്ദേഹമെന്ന് പറഞ്ഞു നടക്കുന്നുമുണ്ട്.

## മണ്ണുത്തിയും മുവാറ്റുപുഴയും ശ്രദ്ധാകേന്ദ്രം

തൃശ്ശൂർ: സെക്രട്ടറി ഇലക്ഷൻ അടുക്കുന്തോറും മണ്ണുത്തിയിലും മുവാറ്റുപുഴയിലും സ്ഥാനാർത്ഥികൾ കയറിയിറങ്ങുന്നു. വടക്കൻ ഭദ്രാസനാംഗങ്ങൾ ഒരുമിച്ച് തങ്ങളുടെ കാര്യങ്ങളിൽ തങ്ങൾക്കുവേണ്ടി നിലകൊള്ളുന്നവനും വിഭജനവാദിയല്ലാത്തവനുമായ ഒരു സ്ഥാനാർത്ഥിയെ പിന്തുണയ്ക്കുമെന്ന തീരുമാനമെടുത്തതോടെ, ഇതുവരെ 95 നു ശേഷം പുനരൈക്യപ്പെട്ട മെത്രാപ്പോലീത്താമാരെക്കുറിച്ച് അപഖ്യാതി പറഞ്ഞു നടന്ന പല സ്ഥാനാർത്ഥികളും മണ്ണുത്തി, മുവാറ്റുപുഴ അരമനകളിൽ കയറിയിറങ്ങുന്നതായി റിപ്പോർട്ടു ചെയ്യപ്പെടുന്നു. കോട്ടയംകാരനായ സ്ഥാനാർത്ഥി ഇടതുപക്ഷ എം. എൽ.എ. യെ കൊണ്ടാണ് ചെന്നതെന്നു കേൾക്കുന്നു. *ഉചാമറ* യുടെ പിന്തുണ റ്റി. എ. ജോർജിനായതോടെ കോൺഗ്രസ് നേതാവിന്റെ അടുപ്പക്കാരനായ ഈ സ്ഥാനാർത്ഥി കളം മാറ്റിച്ചവിട്ടി ഇടതുപക്ഷ നേതാവിനെ ചെന്നുകണ്ട് പിന്തുണ അഭ്യർത്ഥിക്കുകയായിരുന്നു. ഇടതുപക്ഷ നേതാവിന്റെ ശത്രുവായ സന്യാസ വൈദികനെ താൻ സെക്രട്ടറിയായാൽ അവിടെനിന്നും മാറ്റിത്തരാം എന്ന പ്രലോഭനത്തിലാണ് നേതാവ് ആകൃഷ്ടനായത്. ഇടതുപക്ഷ നേതാവിനെ കൂടെകൂട്ടിയിട്ടും വേണ്ടത്ര ഏശിയില്ല എന്ന തോന്നലിൽ സ്ഥാനാർത്ഥി വീണ്ടും കോൺഗ്രസ് നേതാവിൽ തന്നെ അഭയം പ്രാപിച്ചിരിക്കുന്നതായി ഒടുവിൽ കിട്ടിയ റിപ്പോർട്ടിൽ പറയുന്നു.

## ഫാ. ഡോ. എം. ഒ. ജോൺ മലക്കം മറിഞ്ഞു

ആലുവാ: കഴിഞ്ഞ കുറെ മാസങ്ങളായി എം. എം. സഖറിയായെ അസോസിയേഷൻ സെക്രട്ടറി സ്ഥാനത്തേയ്ക്ക് ഉയർത്തിക്കൊണ്ടു വന്ന ഫാ. ഡോ. എം. ഒ. ജോൺ മലക്കംമറിഞ്ഞു ഡോ. ജോർജ് ജോസഫിനായി പരസ്യമായി രംഗത്തിറങ്ങി.

# ഡോ. റ്റി. എ. ജോർജിനായി രഹസ്യയോഗം

**അൽമായവേദി ന്യൂസ് സർവീസ്**

ചെങ്ങന്നൂർ: ഡോ. റ്റി. എ. ജോർജിന്റെ തെരഞ്ഞെടുപ്പു തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനായി ഏപ്രിൽ 20 ന് ചെങ്ങന്നൂർ ബഥേൽ അരമനയിൽ രഹസ്യയോഗം ചേർന്നു. രണ്ടു മെത്രാപ്പോലീത്താമാരും ഒരു പ്രമുഖ റമ്പാനും, ദേവലോകത്തുനിന്നും സമീപകാലത്ത് പുറത്തായ ഒരു വൈദികനും യോഗത്തിൽ പങ്കെടുത്തു.

അന്നുതന്നെ ചെങ്ങന്നൂർ – തുമ്പമൺ ഭദ്രാസനങ്ങളിലെ മാനേജിംഗ് കമ്മറ്റിയംഗങ്ങളുടെ യോഗവും അവിടെ ചേർന്നു. ചെങ്ങന്നൂർ ഭദ്രാസന സെക്രട്ടറിയാണ് യോഗം വിളിച്ചുചേർത്തത്. അനാരോഗ്യം മൂലം തെരഞ്ഞെടുപ്പ് പ്രവർത്തനം നടത്താൻ തനിക്കാവില്ല എന്ന് സ്ഥാനാർത്ഥി പരസ്യമായി പ്രസ്താവിച്ചു. തുടർന്ന് പ്രചരണ പരിപാടികൾ സ്പോൺസർമാർ ഏറ്റെടുത്തു.

ഭദ്രാസന ചെലവിൽ ഒരു സ്ഥാനാർത്ഥിക്കായി യോഗം വിളിച്ചത് തികഞ്ഞ അധികാര ദുർവിനിയോഗമാണെന്ന് ആരോപണമുയർന്നിട്ടുണ്ട്. മെത്രാപ്പോലീത്താമാർ വോട്ടുപിടുത്തം നടത്തുന്നതിനെതിരെയും പ്രതിഷേധമുയർന്നിട്ടുണ്ട്.

മുൻ മാനേജിംഗ് കമ്മറ്റിയിൽ നോമിനേറ്റഡ് അംഗങ്ങൾക്കെതിരെ കർശന നിലപാടെടുക്കുകയും അവർക്ക് വോട്ടവകാശം നൽകരുതെന്ന് വാദിക്കുകയും ഭക്ഷണമേശയിൽ പോലും അവരെ ഒന്നിച്ചിരിക്കാൻ വിസമ്മതിക്കുകയും നോമിനേറ്റഡ് അംഗങ്ങളെ പുറംജാതിക്കാരെപ്പോലെ കാണണമെന്ന് ആഹ്വാനം ചെയ്യുകയും ചെയ്ത തുമ്പമണ്ണിൽ നിന്നുള്ള *ഗർജിക്കുന്ന സിംഹം* നോമിനേറ്റഡ് അംഗമായ ഡോ. റ്റി. എ. ജോർജിന്റെ മുഖ്യ പ്രചാരകനായത് വിരോധാഭാസമായി.

# തെക്കോട്ട് വലതൻ വടക്കോട്ട് ഇടതൻ

കോട്ടയം: ഓർത്തഡോക്സ് സഭാംഗമായ ഒരു പ്രമുഖ യു. ഡി. എഫ്. നേതാവിന്റെ സ്ഥാനാർത്ഥി എന്നു സ്വയം പരിചയപ്പെടുത്തി തെക്കൻ ഭദ്രാസനങ്ങളിൽ വോട്ടുപിടിച്ച കോട്ടയം സ്ഥാനാർത്ഥി മലക്കം മറിഞ്ഞ് ഇടതനായി.

കോട്ടയം ജില്ലയിലെ പ്രമുഖ ഇടതുപക്ഷ നേതാവും അക്രൈസ്തവനുമായ ഒരാളുടെ സഹായമാണ് പ്രചരണത്തിന്റെ അവസാന വാരത്തിൽ ഈ സ്ഥാനാർത്ഥി ലഭ്യമാക്കിയത്. മാനേജിംഗ് കമ്മറ്റി ഇലക്ഷനിൽ പാനലിൽ ചേർത്തു ജയിപ്പിച്ച നേതാവ്, സെക്രട്ടറി ഇലക്ഷനിൽ തന്നെ കൈവിട്ടതിലുള്ള രോഷപ്രകടനവുമായി ഇടതുനേതാവിനെ സന്ദർശിച്ച സ്ഥാനാർത്ഥി, താൻ ജയിച്ചാൽ വലതു നേതാവിന്റെ വിശ്വസ്ഥനും, എൽ. ഡി. എഫ്. നേതാവിന്റെ ശത്രുവുമായ പാമ്പാടി സ്വദേശിയായ സന്യാസി വൈദികനെ പുറത്താക്കാമെന്ന വാഗ്ദാനം നൽകിയാണ് പിന്തുണ നേടിയത്.

തൊഴിലാളി പ്രസ്ഥാനത്തിലൂടെ എം. എൽ. എ. സ്ഥാനത്തെത്തിയ ഇടതു നേതാവിനോടൊപ്പം വടക്കൻ ഭദ്രാസനങ്ങളിൽ പര്യടനം നടത്തിയെങ്കിലും തണുത്ത പ്രതികരണമാണ് ലഭിച്ചത്. തുടർന്ന് വീണ്ടും യു. ഡി. എഫ്. നേതാവിന്റെ പിന്തുണയ്ക്കായി ഈ സ്ഥാനാർത്ഥി ശ്രമിക്കുന്നതായി അറിയുന്നു. വിജയം ഉറപ്പാക്കാൻ നടത്തുന്ന ഈ വൃത്തികെട്ട രാഷ്ട്രീയക്കളി പുറത്തായതോടെ മുമ്പ് പിന്തുണച്ചിരുന്ന അപൂർവ്വം ചിലർ പോലും ഈ സ്ഥാനാർത്ഥിയെ തള്ളിപ്പറഞ്ഞതായി അറിയുന്നു.

# സെക്രട്ടറി തിരഞ്ഞെടുപ്പ്

**മെയ് 2 ന് കോട്ടയം ഓർത്തഡോക്സ് സെമിനാരിയിൽ നടക്കുന്ന അസോസിയേഷൻ സെക്രട്ടറി തിരഞ്ഞെടുപ്പ് വാർത്തകൾ തത്സമയം അറിയുവാൻ അൽമായവേദിയുടെ വെബ്സൈറ്റ് സന്ദർശിക്കുക.**

**2-5-2007 രാവിലെ 11 മണി മുതൽ (ഇന്ത്യൻ സമയം) ഓരോ മണിക്കൂർ ഇടവിട്ട് അൽമായവേദി ന്യൂസ് ബുള്ളറ്റിനിന്റെ പ്രത്യേക പതിപ്പുകൾ ഉണ്ടായിരിക്കുന്നതാണ്.**

**അൽമായവേദിയുടെ വെബ്സൈറ്റ് സന്ദർശിക്കുകയും ഈ സൗകര്യം സൗജന്യമായി പ്രയോജനപ്പെടുത്തുകയും ചെയ്യുവാൻ താല്പര്യപ്പെടുന്നു.**

**ജോയ്സ് തോട്ടയ്ക്കാട്**
**(വെബ് കോ-ഓർഡിനേറ്റർ)**
**ഓർത്തഡോക്സ് അൽമായവേദി**

# പിന്തുണ ഉറപ്പാക്കാൻ ബ്ലാക്ക് മെയിലിംഗും?

**അൽമായവേദി ന്യൂസ് സർവീസ്**

പത്തനംതിട്ട: അസോസിയേഷൻ സെക്രട്ടറി സ്ഥാനത്തേക്കുള്ള മത്സരത്തിൽ ചില മെത്രാന്മാരുടെ പിന്തുണ ഉറപ്പിക്കാൻ ഒരു യുവതുർക്കി ബ്ലാക്ക് മെയിലിംഗും ഉപയോഗിക്കുന്നതായി സൂചന.

പ. മാത്യൂസ് ദ്വിതീയൻ ബാവായുടെ കാലത്ത് ദേവലോകത്ത് ഉന്നത സ്വാധീനമുണ്ടായിരുന്ന ഒരു വൈദികനെതിരെ ഫലപ്രദമായി ഉപയോഗിച്ച ഈ ആയുധം ഇപ്പോൾ ചില മെത്രാന്മാരുടെ നേരെയാണ് പ്രയോഗിച്ചിരിക്കുന്നത്. കഴിഞ്ഞ ഓപ്പറേഷനിൽ ലഭിച്ചത് ഒരു ഗൾഫ് പര്യടനവും ഭീമമായ സംഖ്യയുമാണെങ്കിൽ ഇക്കുറി അസോസിയേഷൻ സെക്രട്ടറി സ്ഥാനമാണ് മോചനദ്രവ്യമായി ആവശ്യപ്പെട്ടിരിക്കുന്നതത്രേ.

**ഓഫ് സൈഡ് - ഓഫ് സൈഡ്**

## കുട്ടപ്പൻ സാറിനുവേണ്ടി ഒരു വഴിപാട്

കുട്ടപ്പൻ സാറിനു വേണ്ടി 'ഹിസ് മാസ്റ്റേഴ്സ് വോയ്സ്' ആയ 'മനനം' ഒരു ലക്കം പടച്ചുണ്ടാക്കി. പത്ര മുത്തശ്ശിയിലെ ജീവനക്കാരായ സ്രഷ്ടാക്കൾക്ക് കുട്ടപ്പൻ സാർ അത്ര നല്ല സ്ഥാനാർത്ഥിയാണെന്ന് വിചാരമില്ല. എന്നാലും ആജ്ഞ അനുസരിച്ചു മാത്രം ശീലമുള്ള അവർ *വഴിപാട് കഴിച്ച്* ഒരെണ്ണം തല്ലിക്കൂട്ടി. എതിർ സ്ഥാനാർത്ഥികളെയൊക്കെ നാലു ചീത്ത വിളിച്ച് ഒരെണ്ണം എഴുതിക്കൊണ്ടുചെന്ന് കാണിച്ചപ്പോൾ, ഒരു *യുവ തുർക്കി*യായ സ്ഥാനാർത്ഥിയെക്കുറിച്ച് *അങ്ങനെ എഴുതേണ്ട, അവൻ നമുക്കു വേണ്ടപ്പെട്ട ആളാണെന്ന്* ആജ്ഞ കിട്ടി. അങ്ങനെ അതു തിരുത്തിയെഴുതി. ഒടുവിൽ വായിക്കുന്നവന് കൺഫ്യൂഷൻ ബാക്കി. മുത്തശ്ശി ആരെ പിന്തുണയ്ക്കുന്നു? കുട്ടപ്പൻ സാറിനെയോ യുവതുർക്കിയെയോ?

Published by K. V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedhi
(Reg. No. K 713/2005), PB No. 652, II nd Floor, Kandathil Building, Temple Road, Kottayam - 686 001 Editor: Philipose Pottackavayalil